പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4553

29.06.2012 ൽ മറുപടി നല്കേണ്ടിയിരുന്നത്

# തൊഴിലുറപ്പ് വേതന കുടിശ്ശിക

| ചോദ്യം | | ഉത്തരം |
|---|---|---|
| ഡോ. കെ.ടി. ജലീൽ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) | തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് നൽകാൻ കുടിശ്ശിക ഉണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട് |
| ബി) | ഉണ്ടെങ്കിൽ എത്ര രൂപയാണ് കുടിശ്ശികയായിട്ടുള്ളത്; | ബി) 2012-13 സാമ്പത്തിക വർഷം തുടക്കത്തിൽ 3710.31 ലക്ഷം രൂപ വിവിധ ജില്ലകളിലായി വേതന കുടിശ്ശികയുണ്ടായിരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും 2012-13 വർഷത്തെ ആദ്യഗഡു തുക ലഭിച്ചതിനെ തുടർന്ന് വേതന വിതരണത്തിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഈ തുക കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് അനുവദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | സി) അവിദഗ്ദ്ധ തൊഴിലാളികളുടെ വേതന വിതരണത്തിനുള്ള മുഴുവൻ തുകയും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ